**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രിമാലിന്യം തിരുനെൽവേലിയിൽ നിക്ഷേപിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രിമാലിന്യം അടക്കമുള്ള മാലിന്യം തിരുനെൽവേലിയിൽ നിക്ഷേപിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ കേരളത്തിൽ നിന്നും അനധികൃതമായി മാലിന്യം നിക്ഷേപിച്ചതായ റിപ്പോർട്ടിനെ തുടർന്ന് ബഹു ദേശീയ ഹരിത ട്രിബ്യൂണൽ (SZ) OA 312 / 2024 നമ്പരായി സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു . ബഹു . ട്രിബ്യൂണലിന്റെ 19/12/ 2024 ലെ ഉത്തരവിൽ പ്രസ്തുത മാലിന്യം 3 ദിവസത്തിനുള്ളിൽ നീക്കം ചെയ്യണമെന്ന് ഉത്തരവായതിനെ തുടർന്ന് ആയത് നീക്കം ചെയ്തു.<br><br>തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനായി എൻക്വയറി കമ്മിറ്റി രൂപീകരിച്ചു . ടി കമ്മിറ്റി ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മാലിന്യം തള്ളിയതിന് ഉത്തരവാദിയെന്ന് കണ്ടെത്തിയ M/s സൺഏജ് എക്കോ സിസ്റ്റംസ് എന്ന സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ലൈസൻസ് റദ്ദ ചെയ്യുകയും ടി സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് പോലീസിൽ പരാതി നൽകുകയും ചെയ്തു .<br><br>കൂടാതെ റീജിയണൽ കാൻസർ സെന്റർ, ക്രെഡൻസ് ഹോസ്പിറ്റൽ - മൾട്ടി സ്പെഷ്യലിറ്റി ഫാമിലി ഹോസ്പിറ്റൽ - ഐവിഎഫ് സെന്റർ, ലീലാ-റാവിസ് ഹോട്ടൽ എന്നിവയ്ക്ക് ഈ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുന്നതിനും ശരിയായ രീതിയിൽ വേർതിരിക്കുന്നതിനും ഫോർവേഡ് ലിങ്കേജ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും നോട്ടീസ് നൽകിയിട്ടുണ്ട് |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ അനധികൃതമായി മാലിന്യം തള്ളിയ വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അന്വേഷണ കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു<br><br>• തദ്ദേശ സ്ഥാപന തലത്തിൽ വിജിലൻസ് സ്ക്വാഡുകൾ കൂടുതൽ പരിശോധനകൾ നടത്തി വരുന്നു.<br>• ജില്ലാ തലത്തിൽ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി, ടി സ്ക്വാഡുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യൽ<br>• നിയമലംഘനങ്ങൾ നടത്തുന്നവർക്ക് എതിരെ കേരള പഞ്ചായത്ത് രാജ് ആക് 2024 (ഭേദഗതി), കേരള മുനിസിപ്പാലിറ്റി ആക്ട് 2024 (ഭേദഗതി) എന്നിവ പ്രകാരം ശക്തമായ നിയമനടപടി.<br>• മാലിന്യം തള്ളിയതിന് ഉത്തരവാദിയെന്ന് കണ്ടെത്തിയ M/S സൺഏജ് എക്കോ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്തു , ടി സ്ഥാപനത്തെ കരിമ്പട്ടികയിൽപ്പെടുത്തി, സ്ഥാപനത്തിനെതിരെ പോലീസ് നടപടി ശിപാർശ ചെയ്തു.<br>• 2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങൾ സ്ഥാപനങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ വകുപ്പ് തലവന്മാർക്കും കർശന നിർദ്ദേശം നൽകി. കൂടാതെ ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സ്ഥാപന തലത്തിലും, ജില്ല മെഡിക്കൽ ഓഫീസ് തലത്തിലും, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു . കൂടാതെ ബയോ മെഡിക്കൽ മാലിന്യ |

സംസ്കരണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു .

* ബയോ-മെഡിക്കൽ മാലിന്യങ്ങൾ ഉറവിടം മുതൽ സംസ്കരണം വരെ തൽസമയം നിരീക്ഷിക്കുന്നതിന് കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കേന്ദ്ര മലിനീകരണ ബോർഡിന്റെ ബാർകോഡ് അധിഷ്ഠിത ബയോമെഡിക്കൽ മാനേജ്മെന്റ് സിസ്റ്റം മുഖേന ബന്ധിപ്പിച്ച് ഓരോ മാലിന്യ ബാഗിന്റെയും തത്സമയ ട്രാക്കിംഗ് നടത്തുന്നു.

* മാലിന്യങ്ങളുടെ ശരിയായ തരം തിരിവ് ഉറപ്പാക്കുന്നതിനായി 325 ആരോഗ്യസ്ഥാപനങ്ങൾക്ക് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകി.

* ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2016 എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മാലിന്യ ശേഖരണ കേന്ദ്രങ്ങൾ , MCF, RRF ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള വിദഗ്ധർ പരിശോധന നടത്തി വരുന്നു

* മാലിന്യങ്ങളുടെ ശേഖരണം, ട്രാൻസ്പോർട്ടിങ് , സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള മാലിന്യ സംസ്ക്കരണ രീതികൾ അവലോകനം ചെയ്യാനും മാലിന്യം കൃത്യമായി വേർതിരിക്കുന്നുവെന്ന് ഉറപ്പാക്കാനും തദ്ദേശ സ്ഥാപനങ്ങൾക്ക് ബോർഡ് നിർദേശം നൽകി.

* തമിഴ്നാട്, കർണാടക അതിർത്തി ചെക്ക്പോസ്റ്റുകളിൽ മാലിന്യം വഹിക്കുന്ന വാഹനങ്ങളെ ജാഗ്രതയോടെ നിരീക്ഷിക്കാൻ സ്റ്റേറ്റ് പോലീസ് ചീഫ് , ട്രാൻസ്പോർട്ട് കമ്മീഷണർ, എക്സൈസ് കമ്മീഷണർ, ജിഎസ്ടി കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകി.

* മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളുടെ അന്തർസംസ്ഥാന നീക്കം നിരീക്ഷിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് വികസിപ്പിച്ച ജിപിഎസ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ട്രയൽ റണ്ണിലാണ് . കേരളത്തിനകത്തും സംസ്ഥാനങ്ങളിലുടനീളവുമുള്ള മാലിന്യ ഉൽപ്പാദകർ, സംവാഹകർ, മാലിന്യ സ്വീകർത്താക്കൾഎന്നിവരെ പ്രസ്തുത Online Portal - ൽ രജിസ്റ്റർ ചെയ്യിപ്പിച്ച് പൂർണ്ണമായി രവർത്തനക്ഷമമാക്കുന്നതാണ് .

| | | | |
|---|---|---|---|
| | | | * റീസൈക്കിൾ ചെയ്യാൻ പറ്റാത്ത മാലിന്യങ്ങൾ സിമൻറ് പ്ലാന്റിൽ കോഇൻസിനറേഷൻ മുഖേന സംസ്കരിക്കുന്നതിന് വേണ്ട സംവിധാനം നടപ്പിലാക്കുന്നതിന് മലബാർ സിമന്റിന് നിർദ്ദേശം നൽകി. |

സെക്ഷൻ ഓഫീസർ